# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4332** 12-11-2019-ൽ മറുപടിക്ക്

## ഹെറിറ്റേജ് ടൂറിസം സാധ്യതകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ജി.എസ്.ജയലാൽ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി. സി. കെ.ആശ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും<br>ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഹെറിറ്റേജ് ടൂറിസം നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളെയും തീർത്ഥാടനകേന്ദ്രങ്ങളെയും ഉൾപ്പെടുത്തിയാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്. തലശ്ശേരി ഹെറിറ്റേജ് പ്രോജക്റ്റ്, മുസിരിസ് ഹെറിറ്റേജ് പ്രോജക്റ്റ്, ആലപ്പുഴ ഹെറിറ്റേജ് പ്രോജക്റ്റ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിൽ തലശ്ശേരി ഹെറിറ്റേജ് പ്രോജക്റ്റിൽ മൃദംഗ ശൈലേശ്വരി ക്ഷേത്രം, വള്ളിയൂർക്കാവ് ക്ഷേത്രം, പഴശ്ശി സർക്യൂട്ട് - കൊട്ടിയൂർ ടെമ്പിൾ, സെന്റ്. ജോൺസ് ആംഗ്ലിക്കൽ ചർച്ച്, തൊടീകുളം ടെമ്പിൾ എന്നീ തീർത്ഥാടന കേന്ദ്രങ്ങൾ ഉൾപ്പെടുന്നു.<br>മുസിരിസ് ഹെറിറ്റേജ് പ്രോജക്റ്റിൽ കൊടുങ്ങല്ലൂർ ടെമ്പിൾ, ചേരമാൻ ജുമാ മസ്ജിദ്, സെന്റ്. സെബാസ്റ്റ്യൻ പാർസനേജ്, ഹോളിക്രോസ് ചർച്ച് എന്നീ തീർത്ഥാടന കേന്ദ്രങ്ങൾ ഉൾപ്പെടുന്നു. |
| (ബി) | കേരളത്തിന്റെ ഹെറിറ്റേജ് ടൂറിസം സാധ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; അത് പൂർണ്ണമായി പ്രയോജനപ്പെടുത്താൻ ടൂറിസം വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | പൈതൃക മേഖലകളെ കോർത്തിണക്കിയുള്ള ടൂറിസം പദ്ധതികൾക്ക് അന്താരാഷ്ട്ര തലത്തിൽ പ്രാധാന്യമുള്ളതിന് പുറമെ സന്ദർശകരും ധാരാളമുണ്ട്. ഇത് മനസ്സിലാക്കി ഹെറിറ്റേജ് ടൂറിസം സാധ്യത പരമാവധി |

| | | | |
|---|---|---|---|
| | | | പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേനയും ഈ സാധ്യത പ്രോയോജനപ്പെത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാനത്തിന്റെ ഹെറിറ്റേജ് ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കുമോ? | (സി) | തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട് രണ്ടാം ഘട്ടം, മുസിരിസ് ഹെറിറ്റേജ് പ്രോജക്ട് എന്നീ പദ്ധതികൾ മികച്ച രീതിയിൽ പ്രാവർത്തികമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ആലപ്പുഴ ഹെറിറ്റേജ് പ്രോജക്ട് പദ്ധതിക്ക് രൂപം നൽകുകയും, പദ്ധതി നടപ്പിലാക്കുന്നതിന് തുടക്കം കുറിക്കുകയും ചെയ്തു.<br>ട്രാവൻകൂർ ഹെറിറ്റേജ് ടൂറിസം പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. |

**സെക്ഷൻ ഓഫീസർ**